(ഡി) പ്രതികളെ പിടികൂടാൻ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 10 കേസ്സുകൾ.

(ബി) 1. ബദിയടുക്ക പി.എസ്. ക്രൈം 103/93
2. ബദിയടുക്ക പി.എസ്. ക്രൈം 147/98
3. കാസർഗോഡ് പി.എസ്. ക്രൈം 379/95
4. കാസർഗോഡ് പി.എസ്. ക്രൈം 280/98
5. കാസർഗോഡ് പി.എസ്. ക്രൈം 792/95
6. ബേക്കൽ പി.എസ്. ക്രൈം 14/93
7. ബേക്കൽ പി.എസ്. ക്രൈം 155/94
8. കാസർഗോഡ് പി.എസ്. ക്രൈം 114/98
9. കാസർഗോഡ് പി.എസ്. ക്രൈം 84/96
10. ബദിയടുക്ക പി.എസ്. ക്രൈം 17/99

(സി) മുറുപടിയിൽ (ബി)യിൽ പറഞ്ഞ 1 മുതൽ 8 വരെ കേസ്സുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാലും 9,10 എന്നീ കേസ്സുകളിലെ പ്രതികൾ ഒളിവിലായതിനാലുമാണ് അറസ്റ്റുചെയ്യാത്തത്.

(ഡി) ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

91 (2402) ഓഫീസിന്റെ മേൽക്കൂര തീപിടിച്ച സംഭവം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഫെബ്രുവരിയിൽ എസ്.എൻ.ഡി.പി. തൃശ്ശൂർ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫീസിന്റെ മേൽക്കൂര തീപിടിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തീപിടിത്തം എപ്രകാരമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ തീപിടിത്തത്തിന് ഉത്തരവാദികൾ ആരാണ്;

(ഡി) അവരെ പിടികൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്.

(ബി) എസ്.എൻ.ഡി.പി. ഓഫീസിന്റെ പിന്നിൽ സ്ഥിതിചെയ്യുന്ന മണപ്പുറം ഹോട്ടലിന്റെ പിന്നിൽ കൂട്ടിയിട്ടിരുന്ന ചപ്പുചവറിനു തീപിടിച്ചാണ് തീപിടിത്തം ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) ഇതു സംബന്ധിച്ച് തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 97/2000 നമ്പറായി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടന്നുവരുന്നു.

92 (2403) കണല്ലൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണല്ലൂർ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടനിർമ്മാണത്തിന് 1999-2000 വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ഇതിന് ആവശ്യമായ സ്ഥലം കണല്ലൂർ ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകിയിട്ടുണ്ടോ;

(ഡി) പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് കായംകുളം എം.എൽ.എ.യുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) കണല്ലൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ വർഷംതന്നെ ഈ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണല്ലൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി 50,000/- രൂപ നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കണ്ടല്ലൂർ പോലീസ് സ്റ്റേഷൻ എന്ന പേരിൽ ഒരു പോലീസ് സ്റ്റേഷൻ ആലപ്പുഴ ജില്ലയിൽ നിലവിലില്ല. ഇപ്പോൾ നിലവിലുള്ള കനകക്കുന്ന് പോലീസ് സ്റ്റേഷൻ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

(ബി) കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് 11,55,000/- രൂപയാണ്.

(സി) കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് 12.875 സെന്റ് സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കനകക്കുന്ന് പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം ഈ സാമ്പത്തികവർഷം ആരംഭിക്കാത്തത്.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly